**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5488** **24-03-2025 - ൽ മറുപടിയ്ക്ക്**

**പ്രവാസി പുനരധിവാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം(I) ആയി ചേർക്കുന്നു. |
| (ബി) | പ്രവാസി കേരളീയർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നോർക്ക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | പ്രവാസി കേരളീയർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (NORKA CARE- HEALTH INSURANCE SCHEME) നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം(I)**

## നോര്‍ക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതികള്‍

### (A) നോര്‍ക്ക വകുപ്പ് പ്രോജക്റ്റ് ഫോര്‍ റിട്ടേണ്‍ഡ് എമിഗ്രന്റ്സ് (NDPREM).

പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്നവര്‍ക്ക് സ്വയംതൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നല്‍കുന്ന പുനരധിവാസപദ്ധതിയാണ് നോര്‍ക്ക വകുപ്പ് പ്രോജക്റ്റ് ഫോര്‍ റിട്ടേണ്‍ഡ് എമിഗ്രന്റ്സ് (NDPREM). സംരംഭങ്ങള്‍ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള പദ്ധതികള്‍ക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വര്‍ഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന നല്‍കുക. 19 ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങളുടെ സംസ്ഥാനത്തെ ഏഴായിരത്തിലധികം ശാഖകള്‍വഴി സേവനം ലഭിക്കുമെന്നതാണ് പ്രത്യേകത.

2016 ഏപ്രില്‍ മുതല്‍ 2021 വരെ 6151 ലധികം സംരംഭങ്ങളും 2021 ഏപ്രില്‍ മുതല്‍ 2025 മാര്‍ച്ച് 10 വരെ 4375 ലധികം സംരംഭങ്ങളുമല്‍പ്പെടെ **10,526** പ്രവാസിസംരംഭങ്ങള് എന്‍.ഡി.പി.ആര്‍.ഇ.എം. പദ്ധതിവഴി ആരംഭിക്കാനായി. ഇതിലൂടെ മൂലധന സബ്സിഡി ഇനത്തല്‍ 90.31 കോടി രൂപയും പലിശ സബ്സിഡി ഇനത്തില്‍ 16.06 കോടി രൂപയും ചേര്‍ത്ത് ആകെ 106.38 കോടി രൂപ ചെലവഴിച്ചു.

### (B) പ്രവാസി ഭദ്രത

കോവിഡ് 19 മഹാമാരിയെത്തുടര്‍ന്ന് യാത്രാവിലക്ക് മൂലം തിരിച്ചു തൊഴിലിടങ്ങളില്‍ പോകാന്‍ കഴിയാതെ പ്രതിസന്ധിയിലായവരിലും തൊഴില്‍ നഷ്ടപ്പെട്ട് നാട്ടില്‍ തിരിച്ചെത്തിയവരിലും സ്വയം തൊഴില്‍ ചെയ്യാന്‍ സന്നദ്ധതയുള്ളവര്‍ക്കായി 2021 - 2022 സാമ്പത്തിക വര്‍ഷത്തില്‍ ആരംഭിച്ച പദ്ധതിയാണ് പ്രവാസി ഭദ്രത. പേള്‍, മൈക്രോ, മെഗാ എന്നീ മൂന്ന് ഉപപദ്ധതികളിലൂടെ ധനസഹായം നല്‍കി വരുന്നു. ഈ പദ്ധതിയുടെ കീഴില്‍ 2021-22 സാമ്പത്തിക വര്‍ഷം 5171 സംരംഭംങ്ങളും, 2022-23 സാമ്പത്തിക വര്‍ഷം 7359 സംരംഭങ്ങളും 2023-24 സാമ്പത്തിക വര്‍ഷം 1376 സംരംഭംങ്ങളും, 2024-25 സാമ്പത്തിക വര്‍ഷം 7894 സംരംങ്ങങ്ങളും ഉള്‍പ്പെടെ (2025 മാര്‍ച്ച് 10 വരെ) **21,800** പ്രവാസികേരളീയര്‍ക്ക് സ്വയം തൊഴിലോ സംരംഭങ്ങളോ ആരംഭിക്കാനായി. ഇതിനായി പലിശ, മൂലധന സബ്സിഡി ഇനത്തില്‍ 118.98 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**(I) പ്രവാസി ഭദ്രതാ – പേള്‍ (നാനോ എന്റര്‍പ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)** - അവിദഗ്ധ തൊഴില്‍ മേഖലയില്‍ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയില്‍ പെട്ടവര്‍ക്കായി കുടുംബശ്രീ മുഖാന്തരം ഒരാള്‍ക്ക് പരാമാവധി 2 ലക്ഷംരൂപ വായ്പ നല്‍കുന്നു

**(II) പ്രവാസി ഭദ്രതാ – മൈക്രോ (മൈക്രോ എന്റര്‍പ്രൈസസ്സ് അസിസ്റ്റന്റ്സ് സ്കീം)** - ചെറുകിടതൊഴില്‍ സംരംഭങ്ങള്‍ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തരം ഒരാള്‍ക്ക് പരാമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 1 ലക്ഷം രൂപ മൂലധനസബ്സീഡി + 3% പലിശസബ്സീഡി നല്‍കുന്നു.

**(III) പ്രവാസി ഭദ്രതാ - മെഗാ സ്പെഷ്യല്‍ അസിസ്റ്റന്റ്സ് സ്കീം)**- വ്യവസായസംരംഭങ്ങള്‍ക്കാ2 കോടി രൂപവരെ വായ്പയ്ക്ക് 3.5% പലിശസബ്സീഡി നല്‍കുന്നു.

## (C). <u>നോർക്കാ_അസിസ്റ്റഡ്_& മൊബിലൈസ്ഡ്_എംപ്ലോയ്മെന്റ്_(NAME)</u>

പ്രവാസികൾ ആർജ്ജിച്ച അറിവും അനുഭവ പരിചയവും കേരളത്തിലെ എല്ലാ മേഖലയിലുമുള്ള സംരംഭങ്ങൾക്ക് ഉപയോഗ പ്രദമാകുന്നതിലൂടെ തിരികെ എത്തിയ പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്കാ അസിസ്റ്റഡ് & മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME).

## <u>കേരള പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

കുറഞ്ഞത് രണ്ടു വർഷമെങ്കിലും വിദേശത്ത് തൊഴിലിനായോ/ ഉപജീവനാർത്ഥമോ താമസിച്ച് തിരിച്ചെത്തിയ പ്രവാസികൾക്ക് 2008 ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമനുവദിച്ചു വരുന്നു.അംഗങ്ങൾക്ക് അംഗത്വ കാലയളവിൽ വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു ടിയാളുകൾക്ക് പെൻഷൻ പ്രായം പൂർത്തിയാകുമ്പോൾ വ്യവസ്ഥകൾ പ്രകാരം പെൻഷനും അനുവദിച്ചു വരുന്നു.